പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നംപർ. 634 — 31/10/2011 ൽ മറുപടിയ്ക്ക്

# ദത്തെടുക്കൽ നടപടി ക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. കെ.നാണു :<br>ശ്രീമതി ജമീലാ പ്രകാശം:<br>ശ്രീ. മാത്യു .റ്റി. തോമസ് :<br>ശ്രീ. ജോസ് തെറ്റയിൽ : | ഡോ. എം.കെ. മുനീർ :<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) അനാഥരായ കുട്ടികളെ ദത്തെടുക്കുന്നതിൽ നിലനിൽക്കുന്ന നടപടിക്രമങ്ങൾ എന്തെന്ന് വിശദമാക്കാമോ; | (എ) ദത്തെടുക്കലിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയുംപ്രകാരമാണ്<br>1. ദത്തെടുക്കാൻ ഉദ്ദേശിക്കുന്ന മാതാപിതാക്കൾ ഇന്ത്യയിൽ താമസിക്കുന്നവരായിരിക്കണം . അവർ അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങളായ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ വഴി മാത്രമേ ദത്തെടുക്കാൻ പാടുള്ളൂ.<br>2. ദത്തെടുക്കാൻ ഉദ്ദേശിക്കുന്ന മാതാപിതാക്കൾ അവരുടെ താമസസ്ഥലത്തിന് അടുത്തുള്ള സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയിൽ മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.<br>3. ദത്തെടുക്കാൻ ഉദ്ദേശിക്കുന്ന മാതാപിതാക്കൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യാം<br>4. വിദേശത്ത് താമസിക്കുന്ന ദത്തെടുക്കാൻ ഉദ്ദേശിക്കുന്ന മാതാപിതാക്കൾ സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ അംഗീകാരമുള്ള വിദേശത്തുള്ള ആതറൈസ്ഡ് ഫോറിൻ അഡോപ്ഷൻ ഏജൻസികൾ വഴി മാത്രമേ ദത്തെടുക്കാൻ പാടുള്ളൂ<br>5. വിദേശത്ത് താമസിക്കുന്ന ദത്തെടുക്കാൻ ഉദ്ദേശിക്കുന്ന മാതാപിതാക്കൾ അവരുടെ താമസ സ്ഥലത്തിനടുത്തുള്ള ആതറൈസ്ഡ് ഫോറിൻ അഡോപ്ഷൻ ഏജൻസിയിൽ പേര് രജിസ്റ്റർ ചെയ്യണം |

| | |
|---|---|
| | 6. ആതറൈസ്ഡ് ഫോറിൻ അഡോപ്ഷൻ ഏജൻസികൾ ഇല്ലാത്ത രാജ്യത്ത് താമസിക്കുന്നവർ ഇന്ത്യൻ ഹൈക്കമ്മീഷനോ /എംബസിയോ വഴി അപേക്ഷ സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിക്ക് നൽകേണ്ടതാണ്. |
| (ബി) ദത്തെടുക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന ദമ്പതികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിക്കുമോ; | (സി) 1. ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ കുട്ടിയെ ലീഗലി ഫ്രീയായി പ്രഖ്യാപിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.<br>2. ദത്തെടുത്തിട്ടുള്ള കുട്ടികളുടെ ജനനത്തീയതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും സർട്ടിഫിക്കറ്റിൽ ദത്തെടുക്കുന്ന മാതാപിതാക്കളുടെ പേര് ചേർക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ്<br>3. ദത്ത് നൽകുന്നതിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ കോടതികളിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ഹൈക്കോടതി യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) പുതിയ CARA മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം അനുസരിച്ചും ദത്തെടുക്കൽ കാര്യങ്ങൾ കൂടുതൽ കാര്യക്ഷമം ആക്കുന്നതിന് സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA) രൂപീകരിക്കുന്നതാണ്.<br>ദത്തെടുക്കൽ പ്രവർത്തനം കൂടുതൽ കാര്യക്ഷമം ആക്കുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. |

R. Vijayl

സെക്ഷൻ ഓഫീസർ